## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4447** **21/03/2018 ൽ മറുപടിക്ക്**

### വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ.പി.ടി. തോമസ്
,, കെ.മുരളീധരൻ
,, വി.ഡി.സതീശൻ
,, വി.എസ്.ശിവകുമാർ

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | **വിജിലൻസ് വകുപ്പിനെ കുറ്റമറ്റ രീതിയിലും, നിഷ്പക്ഷവുമായി പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;** | (എ) | സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടു പോകുക എന്ന ലക്ഷ്യത്തോടു കൂടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന അഴിമതി സംബന്ധിക്കുന്ന പരാതികളിന്മേൽ വളരെ ജാഗ്രതയോടെ വിജിലൻസ് അന്വേഷണം/ പ്രാഥമിക അന്വേഷണം /സത്വരാന്വേഷണം/ രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു വരുന്നു. ആധുനിക കാലഘട്ടത്തിന് അനുസൃതമായി വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസ്സസിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു<br>2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം നടപ്പിലാക്കിവരുന്നു.<br>4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിൽ COB മെസ്സേജ് സംവിധാനം നടപ്പിലാക്കിവരുന്നു.<br>5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് 12 വാഹനങ്ങളും 7ഡിജിറ്റൽ ക്യാമറകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ/കേസുകൾ സംബന്ധിച്ച വിവരങ്ങൾ സമയ ബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.. |
| (ബി) | **വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഇല്ലായെന്നും സർക്കാരിന്റെ രാഷ്ട്രീയ താല്പര്യങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;** | (ബി)<br>(സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | **എങ്കിൽ ഇത്തരം ഒരു ആക്ഷേപം ഉണ്ടാകുവാൻ ഇടവരുത്തിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലയിരുത്തുമോ;വ്യക്തമാക്കാമോ;** | | |

| | | | |
|---|---|---|---|
| (ഡി) | **സ്വതന്ത്ര ചുമതലയുള്ള ഒരു ഡയറക്ടർ ഇല്ലാതെ പതിനൊന്ന് മാസം പ്രവർത്തിക്കേണ്ടിവന്ന സാഹചര്യം മൂലം വിജിലൻസിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തിന് കോട്ടം സംഭവിച്ചതായി കരുതുന്നുണ്ടോ;വ്യക്തമാക്കുമോ;** | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | **വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; പ്രസ്തുത നിയമനം പി.എസ്.സി. മുഖാന്തിരം നടത്തണമെന്ന ശിപാർശ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ്; വിശദമാക്കാമോ?** | (ഇ) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം സർക്കാർ നേരിട്ടാണ് നടത്തി വരുന്നത്. പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

Rashmi T

**സെക്ഷൻ ഓഫീസർ**